# ആമുഖം

കരികുലം വിഭാവന ചെയ്യുന്ന പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക, ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുക, പഠനം ആയാസവും രസകരവും ആക്കി ആസ്വാദന പഠനം കുട്ടികൾക്ക് സാധ്യമാക്കുക, ജനാധിപത്യ മതേതരത്വ മൂല്ല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക, പൊതുവിജ്ഞാനം നേടുന്നതിനുള്ള സന്ദർഭം സൃഷ്ടിക്കുക, വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനുംആസ്വദിക്കാനുമുള്ള കഴിവ് നേടുക, സർഗാത്മകശേഷികൾ വളർത്തുകയും രചനാശേഷികൾക്ക് പ്രോൽസാഹനം നൽകുകയും ചെയ്യുക, സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുള്ള കഴിവ് വളർത്തിയെടുക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് 2025 -26 ലെ പദ്ധതി രൂപീകരിച്ചിട്ടുള്ളത്.

## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | **എന്റെ അവധിക്കാലം**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ(കഥ,കവിതയാത്രാനുഭവം, അനുഭവക്കുറിപ്പ്)അവതരിപ്പിക്കുന്നു | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാ കേളി**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്**<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | എല്ലാദിവസവും | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥ പൂർണമായ വായന ഉറപ്പു വരുത്തുക | **വാർത്താലോകത്തേക്ക്**<br>പത്രം, ആഴ്ച്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾവായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| | **വാർത്താവായന**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ്തലത്തിൽ വായന നടത്തി തെരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു | പ്രതി മാസം | | |
| 3) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | പി ടി എ സ്കൂൾ | പി.ടി.എ |
| 4) മലയാളം ടൈപ്പിംഗ് പഠിക്കലും അതിലുള്ള സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ- കമ്പ്യൂട്ടറിംഗ്**<br>മുഴുവൻ കുട്ടികളെയും മലയാളം ടൈപ്പിംഗ് പരിശീലിപ്പിക്കുകയും, ഇ മാഗസിൻ പ്രസിദ്ധീകരിക്കുന്നു, സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | മലയാളം & ഐ ടി അധ്യാപകർ | | പി.ടി.എ |

## അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ക്ലബ്ബ് ശാസ്തീകരണം. | *അലിഫ് അറബിക് ക്ലബ്ബ് രൂപീകരണം<br>*മഹാത്മാരെ അറിയൽ<br>*പതിപ്പ് നിർമ്മാണം<br>*ദിനാചരണങ്ങൾ<br>*പോസ്റ്റർ | വർഷം മുഴുവൻ | | |
| 2)അറബി ഭാഷ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളിലേക്കും എത്തിക്കുക. | **കൈത്താങ്ങ്**<br>ടെസ്റ്റ് നടത്തി ഭാഷാ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് ആവശ്യമായ പരിഗണനയും പിന്തുണയും നൽകുന്നു. | ജൂൺ ജൂലൈ | | |
| 3) അറബി ഭാഷാശേഷി വർദ്ധിപ്പിക്കുക. പദസമ്പത്ത് വർദ്ധിപ്പിക്കുക. | **ഒരു ദിനം ഒരു പദം** പാഠപുസ്തകത്തിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമേ എല്ലാ ദിവസവും ഓരോ പുതിയ പദങ്ങളും അവയുടെ അർത്ഥങ്ങളും പരിചയപ്പെടുത്തുന്നു. | വർഷം മുഴുവൻ | | |

| | | | | |
|---|---|---|---|---|
| 4) കുട്ടികളുടെ സർഗാത്മകശേഷി വർദ്ധിപ്പിക്കുക. | **<u>ഒരു ദിനം ഒരു അറിവ്</u>**<br>എല്ലാ ദിവസവും ഒരു ചോദ്യവും അതിന്റെ ഉത്തരവും അറബിയിലും മലയാളത്തിലും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്ന അവസാനത്തിൽ ഈ ചോദ്യങ്ങൾ വെച്ച് ഒരു ക്വിസ് മത്സരം നടത്തി വിജയിയെ കണ്ടെത്തുന്നു.<br><br>ചിത്രങ്ങൾ ലഘുകവിതകൾ കഥകൾ സംഭാഷണം പദപ്രശ്നം കുറിപ്പുകൾ വിവരണം എന്നിവ ഉൾക്കൊ-ള്ളുന്ന കയ്യെഴുത്ത് മാഗസിനുകൾ തയ്യാറാക്കുന്നു. | വർഷം മുഴുവൻ<br><br>നവംബർ, ഡിസംബർ | | |
| 5) ഓരോ മാസവും കുട്ടികൾ വായന താൽപരരാവുകയും ഭാഷാ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുന്നു.<br><br>6)അറബി ഭാഷ ആശയങ്ങളും പദങ്ങളുടെ അർത്ഥങ്ങളും കുട്ടികളിലേക്ക് എത്തിക്കുന്നു. | മാസത്തിലൊരിക്കൽ ക്ലാസ് തരത്തിൽ വായന മത്സരം കയ്യെഴുത്ത് മത്സരം എന്നിവ നടത്തുന്നു ഐസിടി ഉപയോഗിച്ച് പാഠപുസ്തകവുമായി ബന്ധപ്പെട്ട വിവരങ്ങൾ പൊതുവിവരങ്ങൾ എന്നിവ കാണിച്ചു കൊടുക്കുന്നു.<br><br>**<u>യൂണിറ്റ് തല നിഘണ്ടു നിർമ്മാണം</u>**<br>ഓരോ യൂണിറ്റ് തലത്തിൽ വാക്കുകൾ അർത്ഥസഹിതം എഴുതുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്നു.<br><br>**<u>എന്റെ സ്വന്തം നിഘണ്ടു</u>**<br>എല്ലാ യൂണിറ്റിലെയും നിഘണ്ടു തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ കുട്ടികൾ എന്റെ സ്വന്തം നിഘണ്ടു തയ്യാറാക്കുന്നു. | വർഷം മുഴുവൻ<br><br>വർഷം മുഴുവൻ | | |

# ഉർദു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഉറുദു വായന. | വായന മത്സരങ്ങൾ ക്വിസ് മത്സരങ്ങൾ ബാല മാസികകൾ ഉറുദുപത്രങ്ങൾ വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാണ്. | വിവിധ ദിനാചരണങ്ങളിൽ. | ഉറുദു സബ്ജക്ട് കൗൺസിൽ | HM & സബ്ജക്ട് കൗൺസിൽ |
| 2) ഉർദു കയ്യെഴുത്ത് മാഗസിൻ. | രചനാ ശേഷി വളർത്തൽ ഉർദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കയ്യെഴുത്ത് എന്നെ ലക്ഷ്യങ്ങൾ പൂർത്തീകരണത്തിനും കുട്ടികളുടെ സർഗാത്മകത വളർത്തുന്നതിനും വേണ്ടി കയ്യെഴുത്തുമാസിൻ. | ടേമിൽ ഒന്ന് വീതം. | ഉറുദു സബ്ജക്ട് കൗൺസിൽ | HM & സബ്ജക്ട് കൗൺസിൽ |
| 3) ഉറുദു ടൈപ്പിംഗ്. | ഓരോ ടൈപ്പിങ്ങിൽ കുട്ടികൾക്ക് പരിശീലനം നൽകൽ പതിപ്പുകൾ വായന കാർഡ് തുടങ്ങിയവ തയ്യാറാക്കൽ | ഒരു വർഷം | ഉറുദു ക്ലബ്ബ് | HM & സബ്ജക്ട് കൗൺസിൽ |
| 4) ഡിജിറ്റൽ മാഗസിൻ. | കുട്ടികളിലെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ. | വർഷത്തിൽ 1 | ഉറുദു ക്ലബ്ബ് | HM & സബ്ജക്ട് കൗൺസിൽ |
| 5) പൊതുവിജ്ഞാനം. | പൊതുവായതും ഉർദുവിൽ ഉള്ളതുമായ പൊതു വിജ്ഞാനം കുട്ടികളിൽ എത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. | ടേമിൽ ഒന്ന് വീതം | ഉറുദു ക്ലബ്ബ് | HM & സബ്ജക്ട് കൗൺസിൽ |
| 6) മുശാഇറ | ഉറുദു ഗസലിനെയും ഹിന്ദുസ്ഥാനെ സംഗീതത്തെയും അടുത്തറിയുന്ന ദിനം സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മുഷാഇറയും ഗസൽ സായാഹ്നവും കണ്ടെത്തുക. | വർഷത്തിൽ 1 | ഉറുദു ക്ലബ്ബ് | HM & സബ്ജക്ട് കൗൺസിൽ |
| 7) ഉറുദു ക്യാമ്പ് | കുട്ടികളിലെ രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുതകും വിധം കവിത, കഥ, ഉപന്യാസം, ക്യാമ്പുകൾ നടത്തുക. ഉറുദു സാഹിത്യകാരന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക. | വർഷത്തിൽ 1 | ഉറുദു ക്ലബ്ബ് | HM & സബ്ജക്ട് കൗൺസിൽ |
| 8) ഷോർട്ട് ഫിലിം | കുട്ടികളിലെ അഭിനയ കഴിവും അവതരണശേഷിയും പരിപോഷിപ്പിക്കും വിധം വിവിധ വിഷയ സംബന്ധമായ | വർഷത്തിൽ 1 | ഉറുദു ക്ലബ്ബ് | HM & സബ്ജക്ട് |

| | | | | |
|---|---|---|---|---|
| | ഷോർട്ട് ഫിലിമുകൾ തയ്യാറാക്കൽ. | | | കൗൺസിൽ |
| 9) ഉറുദു ദിനം | ടാലന്റ് മീറ്റ് അക്ഷരമരം ഭാഷാ സെമിനാർ എന്റെ പതിപ്പ്. | അതത് ദിനങ്ങളിൽ | ഉറുദു ക്ലബ്ബ് | HM & സബ്ജക്ട് കൗൺസിൽ |
| 10) വായന ആസ്വാദനം | കൂട്ടി വായന, അമ്മയും - കുഞ്ഞും വായന, ആസ്വാദനക്കുറിപ്പ്, പുസ്തക ചർച്ച, ക്വിസ് മത്സരം, മെഗാ ക്വിസ്. | ഒരു വർഷം | ഉറുദു ക്ലബ്ബ് | HM & സബ്ജക്ട് കൗൺസിൽ |
| 11) തലാഷ് | പ്രാദേശിക പഠനയാത്രകൾ സംഘടിപ്പിക്കൽ. | വർഷത്തിൽ 1 | ഉറുദു ക്ലബ്ബ് | |
| 12) ദിനാചരണങ്ങൾ | ഭാഷാശേഷി വളർത്തുന്നതിനുള്ള വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ. | അതത് ദിനങ്ങളിൽ | ഉറുദു ക്ലബ്ബ് | HM & സബ്ജക്ട് കൗൺസിൽ |
| 13) തൊഴിൽ നൈപുണി | തൊഴിൽ നൈപുണി വളർത്തുന്നതിന് വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കൽ. | വർഷത്തിൽ 1 | ഉറുദു ക്ലബ്ബ് | HM & സബ്ജക്ട് കൗൺസിൽ |
| 14) സാഹിത്യത്തെ പരിചയപ്പെടൽ | ഉറുദു സാഹിത്യ രൂപങ്ങളെയും സാഹിത്യകാരന്മാരെയും പരിചയപ്പെടുത്തുന്ന പൊതുവേദി ഒരുക്കുക ഉറുദുവിലെ പ്രസിദ്ധമായ എഴുത്തുകാരുടെ രചനകൾ പരിചയപ്പെടുത്തുക നിർമ്മാണം. | വർഷത്തിൽ 1 | ഉറുദു ക്ലബ്ബ് | HM & സബ്ജക്ട് കൗൺസിൽ |

## ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) To encourage Listening & Speaking<br><br>Introduce different genres (fiction, non-fiction, poetry)<br>Enhance vocabulary.<br>Enhance listening skills. | Interactive story telling sections discussing themes, characters and plots to enhance listening skills.<br>Interactive storytelling sessions discussing themes, characters and plots to enhance listening skills.<br>Group discussions and role-plays to improve speaking skills.<br>Vocabulary games and exercises to build word knowledge. | June | English Teacher | English Club |

| | | | | |
|---|---|---|---|---|
| 2) To encourage Reading Develop basic reading, writing, listening, and speaking skills.<br><br>Cultivate effective communication skills for various contexts.<br><br><br><br>3) To develop Writing Skills Introduce grammatical concepts such as parts of speech, tenses, and sentence structure.<br>To develop basic_ | Interactive Reading Circles:<br><br>Divide students into small groups and provide them with age-appropriate texts, such as short stories or excerpts from novels.<br><br>Each group reads the assigned text together and discusses key elements like plot, characters, and themes.<br><br>Encourage students to take turns reading aloud and share their interpretations and reactions to the text.<br><br>After discussions, each group presents a summary or analysis of their assigned text to the class.<br><br>Guided reading sessions with comprehension questions.<br>Listening comprehension exercises using audio stories.<br><br>Debates and presentations for advanced speaking practice.<br>Expanding vocabulary with context clues from passage.<br><br>Improve sentence structure.<br><br>Practice for simple creative writing tasks like descriptive paragraphs, short stories, and simple poetry.<br><br>Projects and research assignments to foster critical thinking. | July<br><br>August, December<br><br>January, February | English Teacher | English Club |

| | | | | |
|---|---|---|---|---|
| Grammar rules.<br>Focus on sentence structure, punctuation, and grammar.<br><br>4) Expand vocabulary through reading and interactive activities.<br><br>5) Introduce different types of writing: narrative, descriptive, persuasive, etc.<br>Debates<br><br>6) Language Games, puzzles and Activities:<br><br>7) Differentiation and Support: | Focus on developing paragraphs and essays.<br>Teach persuasive writing techniques and argumentation.<br><br>Preparing and delivering speeches.<br>Listening to and analysing different media sources.<br><br>Interactive grammar games.<br>Structured grammar lessons with examples and practice exercises.<br>Worksheets on parts of speech, punctuation and sentence types.<br><br>Integrate language games and activities to reinforce vocabulary, grammar, and language skills in an engaging way.<br><br>For example, play word association games, charades, or vocabulary bingo to practice new words and concepts.<br><br>To create their own poems, stories, dictionary etc. and present it to the class.<br><br>Recognize and accommodate the diverse learning needs of students through differentiated instruction, including accommodations and modifications for specially abled students and gifted learners.<br><br>Provide additional support and resources such as | Throughout the year | English Teacher | English Club |

| | | | | |
|---|---|---|---|---|
| | small-group instruction, tutoring, peer mentoring, and remedial programs to help struggling students and challenge advanced learners.<br><br>Offer opportunities for enrichment and extension activities to extend learning beyond the core curriculum and cater to students' interests and strengths.<br><br>Collaborate with learning support specialists, language teachers, and other support staff to ensure inclusive practices and provide targeted support for students with specific learning needs. | Throughout the year | English Teacher | English Club |
| 8) Assessment and Feedback: | Design a range of assessment tasks and tools to measure students' language proficiency, comprehension, and writing skills, including formative and summative assessments.<br><br>Use a variety of assessment methods such as quizzes, tests, essays, presentations, projects, and performance tasks to assess different aspects of language learning.<br><br>Provide timely and constructive feedback to students that highlights their strengths, identifies areas for improvement, and suggests strategies for further development.<br><br>Involve students in self-assessment and reflection activities to promote ownership of their learning process.<br><br>Use assessment data to inform instructional planning, identify learning gaps, and differentiate | | | |

| | | | | |
|---|---|---|---|---|
| 9) Parent Involvement | instruction to meet individual student needs.<br><br>Provide resources and tips for parents on how to support their child's literacy development at home, including book recommendations, reading strategies, and language enrichment activities.<br><br>Showcase students' and parents' writing through publications, newsletters, or school-wide writing anthologies to celebrate their achievements and foster a culture of writing.<br><br>Encourage parents with expertise in English language teaching, literacy, or language acquisition to share their knowledge and skills with students and teachers.<br><br>Collaborate with parents to create English language learning materials, such as flashcards, games, or resource packs, that can be used in the classroom or sent home for additional practice. | | English Teacher<br><br>English Teachers & PTA Members & Parents | English Club |

**ഹിന്ദി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അക്ഷരം ചിഹ്നം തുടങ്ങിയ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാര-ണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താ- | പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുക്കുന്നു. അക്ഷരങ്ങൾ ഉറക്കെ വായിക്കുന്നു. ഓഡിയോ വിഷൻ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. ചിത്രങ്ങൾ, അക്ഷരമാല, ചാർട്ട്, സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ, വാക്കുകളുടെയും | ജൂൺ മാസം മുതൽ ഫെബ്രുവരി മാസം വരെ | ഹിന്ദി അധ്യാപകർ | |

| | | | | |
|---|---|---|---|---|
| നും പഠിപ്പിക്കുന്നു. പദങ്ങളും ആശയങ്ങളും ഉറപ്പിക്കുന്നു.. | വാക്ക്യങ്ങളുടെയും നിർമ്മാണം. | | | |
| 2) ഹിന്ദി വായന:-<br>തെറ്റ് കൂടാതെ ഹിന്ദി വായിക്കുക | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കുക. വായന കാർഡുകൾ തയ്യാറാക്കുന്നു. ഇവയിൽ പഴങ്ങൾ പച്ചക്കറികൾ പക്ഷേ മൃഗാദികൾ വൃക്ഷങ്ങൾ എന്നിവയുടെ ചിത്രങ്ങളും പേരുകളും ചേർക്കും. ഹിന്ദി ഗ്രന്ഥശാല ഒരുക്കൽ, ഹിന്ദി കഥാപുസ്തകങ്ങൾ, ചിത്രകഥകൾ, ബാല മാസികകൾ എന്നിവ ലഭ്യമാക്കുക. ഹിന്ദി ചിത്രകഥകൾ കാർട്ടൂൺ എന്നിവ കാണിക്കൽ (AI) | | | |
| 3) ഹിന്ദി എഴുത്ത് | പുസ്തകങ്ങളിൽ നിന്നുള്ള ഭാഗങ്ങൾ കോപ്പി ബുക്കിൽ വൃത്തിയായി എഴുതിക്കുന്നു. കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. | | | |
| 4) ആശയങ്ങൾ തെറ്റ് കൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം (സുരിലി ഹിന്ദി) | ഹിന്ദി അസംബ്ലി, ദിനാചരണങ്ങൾ, (പ്രത്യേകം സെപ്റ്റംബർ 14 മുതൽ ജനുവരി 10 വരെ),ക്ലാസ് ലൈബ്രറി, ഹിന്ദി ക്ലബ്ബ് പ്രവർത്തനം, അധിക വായന സാമഗ്രികൾ, ചിത്രകഥ തയ്യാറാക്കൽ, ചിത്രം അടിക്കുറിപ്പ്, കഥ ബാക്കി എഴുതൽ | ജൂൺ മുതൽ ഫെബ്രുവരി വരെ | | |
| 5) ഹിന്ദി സംസാരം<br>ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കിയെടുക്കുക.നിത്യ ജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷാ പരിചയം കുട്ടികളിൽ പരിചയപ്പെടുത്തുന്നു. | കുട്ടികളുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ ചോദിക്കുക. ഹിന്ദി ക്ലാസുകളിൽ പ്രത്യേകിച്ചും ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കുക. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

# സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ. | **<u>അങ്കത്തട്ട് - കളിയിൽ നിന്ന് കാര്യത്തിലേക്ക്.</u>**<br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളിക-കൾ ഓരോ പഠിതാവിനും നൽകുന്നു.<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള ഭൂപ്രകൃതി, തലസ്ഥാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐസിടി ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു. | അക്കാദമി വർഷാരംഭം - ജൂൺ | സാമൂഹ്യശാസ് ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച കുട്ടികളിൽ ചരിത്രവബോധം വളർത്തുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ് ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | സ്കൂൾ പാർലമെന്റ് ഗ്രാമസഭ വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കൽ | അക്കാദമിക വർഷാരംഭം | | |
| 4) സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **<u>നന്മയുടെ നുറുങ്ങുവെട്ടം</u>**<br>പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകൾ, എന്നിവരെ സന്ദർശിച്ച് അവരാൽ കഴിയുന്ന സേവനം നൽകാനുള്ള അവസരം ഒരുക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ് ത്ര അധ്യാപകർ | |
| 5) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗത്തെക്കുറി-ച്ചും റോഡ് സുരക്ഷയെ-ക്കുറിച്ചും ബോധവാൻ മാരാക്കൽ | **<u>ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം.</u>**<br>കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം, ബോധവൽക്കരണ ക്ലാസുകൾ. | അക്കാദമിക വർഷം | സാമൂഹ്യശാസ് ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 6)സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു.<br><br>7) സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ തലത്തിലേക്ക് എത്തിക്കുന്നു. | **<u>കാടെവിടെ മക്കളെ</u>**<br>പരിസ്ഥിതി ചർച്ചക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, ജലാശയങ്ങൾ എന്നിവ സന്ദർശിച്ച് സർവ്വേ റിപ്പോർട്ട് തയ്യാറാക്കൽ.<br><br>**<u>പുതു ചക്രവാളത്തിലേക്ക്.</u>**<br>മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തര വേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു | <br><br><br><br>അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ<br><br><br>സാമൂഹ്യശാസ്ത്ര അധ്യാപകർ | |

**സയൻസ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | സ്കൂളിൽ ഒരു ഔഷധത്തോട്ട നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ്ബ്, ഊർജ ക്ലബ്ബ്. | പി.ടി.എ |
| | **<u>കണ്ടറിയാൻ ഒരു യാത്ര</u>**<br>കോട്ടക്കൽ ആര്യവൈദ്യശാലയിലെ ഔഷദോധ്യാനത്തിലേക്ക് സന്ദർശനം | ആഗസ്റ്റ് | ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ്ബ്, ഊർജ ക്ലബ്ബ്. | പി.ടി.എ |
| | **<u>ശാസ്ത്ര കളരി</u>**<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. ശാസ്ത്ര കിറ്റുകൾ, ഹോം ലാബുകൾ, നിർമ്മിക്കുന്നു. പരീക്ഷണക്കുറിപ്പുകൾ നിരീക്ഷണക്കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരണം | ജൂൺ മുതൽ ഡിസംബർ | ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ്ബ്, | |

| | | | | |
|---|---|---|---|---|
| | തയ്യാറാക്കുന്നു. | | | |
| 2) ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക ആധുനിക ശാസ്ത്രോ ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **<u>ശാസ്ത്ര തന്ത്രങ്ങൾ</u>**<br>ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ്, ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാ-ക്കുന്നതിനും റിപ്പോർട്ട് അവതരിപ്പിക്കുന്നതിനും അവസരം സൃഷ്ടിക്കുന്നു. | ഡിസംബർ | ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ്ബ്. | സയൻസ് ക്ലബ്ബ് |
| | **<u>ശാസ്ത്രോത്സവം</u>**<br>ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | | |
| | **<u>ശാസ്ത്ര വിസ്മയ ചുമർ.</u>**<br>നൂതന ശാസ്ത്രആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾതല ശാസ്ത്ര ബോർഡ് നിർമ്മിക്കുന്നു. ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | | ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ്ബ്. | സയൻസ് ക്ലബ്ബ്സ |
| 3) ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനികശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | **<u>വീഡിയോ പ്രദർശനം</u>**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു.പുതിയ കണ്ടെത്ത-ലുകൾ ശാസ്ത്ര സത്യങ്ങൾ ശാസ്ത്രജ്ഞൻമാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ. | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോൽസുകത വർദ്ധിപ്പിക്കൽ. | **<u>ഇൻസ്പിയേർഡ് അവാർഡ്</u>**<br>കുട്ടികളിലെ ഗവേഷണാത്മക താല്പര്യങ്ങൾ വളർത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നു. മികച്ച കുട്ടികളെ തിരഞ്ഞെടുക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ. | സയൻസ് ക്ലബ്ബ്, പി.ടി.എ |
| 5) വിവിധ ശേഷികളുടെ | **<u>ദിനാചരണം</u>** | | | |

| | | | | |
|---|---|---|---|---|
| വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

**ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയ കൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്.............. ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ. ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ. | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും | വർഷത്തിൽ അഞ്ചോ ആറോ | ഗണിത അധ്യാപകർ, | പി.ടി.എ |

| | | | | |
|---|---|---|---|---|
| | പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | തവണ | ക്ലബ്ബ് ലീഡർമാർ | |
| 6) ആധുനീക ശാസ്ത്രസാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതു പോലുള്ള പ്രവർത്തനങ്ങൾ ഐ ടി സാധ്യതകൾ ഉപയോ ഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പ ത്തിൽ കഴിയുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ | |
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തന ങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസര-ണം | SRG | |
| 9)ബുദ്ധിശക്തി, താൽപര്യം, മത്സരമനോഭാവം എന്നിവ വളർത്തുകയും ഗണിതം ഒരു രസകരമായ വിഷയമാക്കുകയും ചെയ്യുക | **ഓപ്പൺ ക്വിസ്**<br>ആഴ്ചയിലെ ആദ്യദിവസം ഗണിതവുമായി ബന്ധപ്പെട്ട ഒരു ചോദ്യം ഗണിത നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു.അടുത്ത ദിവസം അതിന്റെ ഉത്തരം ഗണിത ക്വിസ് ബോക്സിൽ നിക്ഷേപിക്കുന്നു. ശരിയുത്തരം എഴുതിയവരിൽ നിന്നും ഒരു വിജയിയെ കണ്ടെത്തുന്നു. | ആഴ്ചയിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗ ങ്ങളും | ഗണിത ക്ലബ്ബ്, പി.ടി.എ |